ശ്രീ. എൻ. പി. വർഗീസ്: എക്സ്സ്വീസുകാക്ക എത്ര ഏക്കർ ഭൂമി കൃഷിക്കായി വിട്ടുകൊടുത്തിട്ടുണ്ട്?

Sri. E. John Philipose: This was a question relating to appointment of officers. So these questions do not arise from it.

തലപ്പിള്ളി താലൂക്കിലെ മസൂരി

*൭൫൭. (൨൩) സാഹിബ് ബഹദൂർ ചേലാഡിറാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽ തലപ്പിള്ളി താലൂക്കിൽപ്പെട്ട തിരുവിലാമല, പാമ്പാടി, പഴയന്നൂർ, തെന്നെത്തറ, പൊറ്റ, മുതലായ വില്ലേജുകളിൽ മസൂരി പിടിപെട്ടിട്ടുള്ള വാർത്ത ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിവാരണത്തിനായി കൈവിയ്ക്കൂ മുതലായ ജോലികൾ ചെയ്യുന്നതു് ആരാണു്;

(സി) നിലവിലുള്ള ഉദ്യോഗസ്ഥന്മാരൊഴികെ പുതുതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ഡി) ടി സ്ഥലങ്ങളിൽ (പഴയന്നൂർ) പാണഞ്ചേറയിലും, തിരുവിലാമലയിലും ഓരോ സിനിമകൾ നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ:

(എ) തലപ്പിള്ളി താലൂക്കിൽപ്പെട്ട ചില വില്ലേജുകളിൽ മസൂരി ഉണ്ടായിട്ടുണ്ടു്.

(ബി) അതിന്റെ നിവാരണത്തിനായി കൈവിയ്ക്കൂ ജോലി പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ട്മെണ്ടിലെ വാക്സിനേറ്റർമാർ നടത്തുന്നുണ്ടു്.

(സി) ഇല്ല.

(ഡി) തിരുവിലാമലയിലും പാണഞ്ചേറയിലും സിനിമാ നടക്കുന്നുണ്ടു്. ഈ സ്ഥലങ്ങളിൽ മസൂരി പിടിപെട്ടിട്ടില്ലാത്തതുകൊണ്ടു് സിനിമാ നിരോധിക്കേണ്ട ആവശ്യമില്ല.

APPOINTMENTS IN THE POLICE DEPARTMENT

***748.** [24] **Sahib Bahadur Chelady Rowther:** Will the Hon'ble Chief Minister be pleased to state:—

(*a*) the number of Head Constables who have been appointed as Inspectors in the year 1122, 1123 and 1124 in Trichur District;

(*b*) the number of Inspectors reverted as Head Constables; and

(*c*) has any such reverted officers been lifted again as Inspectors, if so, their names?

Sri. E. John Philipose :

(*a*) in 1122 — 9
in 1123 — 8
in 1124 — 5

(*b*) 2.

(*c*) No.

ഹൈക്കോടതി ജഡ്ജിമാർ

*൭൫൯. (൨൪) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഹൈക്കോടതിയിലെ ജഡ്ജിമാരുടെ സംഖ്യ എട്ടായി, ഇൻഡ്യാ ഗവണ്മെണ്ടു് ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ബി) മൂന്നു ജഡ്ജിമാരെ നിയമിക്കുവാൻ ജനുവരി ഒന്നാം തീയതിക്കുമുമ്പു നമ്മുടെ ഗവണ്മെണ്ടു് കേന്ദ്രഗവണ്മെണ്ടിലേക്കു ശുപാർശ ചെയ്തിരുന്നതിൽ ഒരാളെ മാത്രം അംഗീകരിച്ചുവരുവാൻ കാരണമെന്തു്;

(സി) ശേഷിച്ച രണ്ടു ജഡ്ജിമാരെ സംബന്ധിച്ച ശുപാർശ മടങ്ങി പോരുകയുണ്ടായോ; അങ്ങനെ മടങ്ങിപോന്നുവെങ്കിൽ കാരണമെന്തു്;

(ഡി) ഹൈക്കോടതി ജഡ്ജിസ്ഥാനത്തേക്കു ശുപാർശ ചെയ്യപ്പെട്ടിരുന്ന ഈ രണ്ടു പേരെക്കൂടി നിയമിച്ചുകിട്ടുവാൻ നമ്മുടെ ഗവണ്മെണ്ടു വല്ല നടപടിയും എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്നു വിവരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly